LIBRARY ARCHIVES Kerala Legislative Assembly

നബാർഡിനെ യോഗം ചുമതലപ്പെടുത്തി. ഇക്കാര്യത്തിൽ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതുണ്ടെങ്കിൽ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് നബാർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ധാരണാപത്രം ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെങ്കിൽ ഒരു പ്രത്യേക കേസ് എന്ന നിലയിൽ കേരളത്തിൽ പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം നേടാമെന്നും യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. യോഗ തീരുമാനപ്രകാരം നബാർഡാണ് ഇത് സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേക്കണ്ടത്. ആയതിനായി സംസ്ഥാന സർക്കാരും നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നബാർഡ് ഇക്കാര്യത്തിൽ യാതൊരുവിധ നടപടികളും സ്വീകരിച്ചതായി അറിയില്ല.

കോൾനിലങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി

10 (*580) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എ. സി. മൊയ്തീൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ ;

(ബി) മെച്ചപ്പെട്ട നെൽവിത്തുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചു ;

(ഡി) കാർഷികമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഇ) കഴിഞ്ഞ സീസണിൽ കോൾ നിലങ്ങളിലെ നെല്ലുൽപ്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായി എന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) 2009-10 സാമ്പത്തിക വർഷത്തെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കോൾ നിലങ്ങളിൽ നെൽക്കൃഷി വികസനത്തിന് 140.9184 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. 2000 ഹെക്ടറിൽ ഗുണമേന്മയുള്ള വിത്ത് വിതരണം, 5600 ഹെക്ടറിൽ കുമ്മായ വസ്തുക്കളുടെ വിതരണം, 760.67 ഹെക്ടറിൽ അധികവിള ഉൽപ്പാദനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി കൊണ്ടാണ് പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

കൂടാതെ സുസ്ഥിര നെൽക്കൃഷി വികസന പദ്ധതിയിൽ വിവിധ ഉൽപ്പാദന ഉപാധികൾ നൽകുന്നതിന് 1500 രൂപ നിരക്കിൽ 172.695 ലക്ഷം രൂപ ഈ വർഷം ചെലവഴിക്കുവാനും കേന്ദ്ര നെൽക്കൃഷി വികസന പദ്ധതിയിൽ വിത്ത്, വളം, കീടനാശിനി, കർഷക പരിശീലനം, ഒറ്റഞാർകൃഷി, ആധുനിക സാങ്കേതിക വിദ്യകൾ എന്നിവയുടെ പ്രദർശനത്തോട്ടം സജ്ജമാക്കൽ, കുമ്മായ വസ്തുക്കളുടെ വിതരണം എന്നീ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നതിന് 46.485 ലക്ഷം രൂപ ചെലവിടുന്നതുമാണ്. കേന്ദ്ര പദ്ധതിയായ ആർ.കെ.വി.വൈ.യിൽ ഉൾപ്പെടുത്തി (2009-10) കോൾമേഖലയിലെ ബണ്ട് നിർമ്മാണം, പെട്ടി, പറ, മോട്ടോർ ഷെഡ് നിർമ്മാണം എന്നിവയ്ക്കായി അനുമതി ലഭിച്ച 245 ലക്ഷം രൂപയുടെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) കോൾ നിലങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന വിത്ത് വികസന അതോറിറ്റി, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വീകരിച്ചുവരുന്നു.

(സി) 2009-10 സാമ്പത്തിക വർഷത്തെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കാർഷിക ഉപകരണങ്ങളായ കൊയ്ത്ത് മെതിയന്ത്രം, പവർ ടില്ലറുകൾ, പറിച്ചുനടീൽ യന്ത്രം എന്നിവ കോൾ മേഖലയ്ക്ക് ലഭ്യമാക്കുന്നതിന് 203.36 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുകയും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തിരം ടി യന്ത്രങ്ങൾ കോൾ മേഖലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷം കേന്ദ്ര പദ്ധതിയായ ചെറുകിട യന്ത്രവൽക്കരണ പദ്ധതി പ്രകാരം പവ്വർ ടില്ലർ, റീപ്പർ, കൊയ്ത്തുമെതിയന്ത്രം, മോട്ടോർ, പമ്പുസെറ്റ്, സ്പ്രെയർ മുതലായവ വാങ്ങുന്നതിനായി 7.5867 ലക്ഷം രൂപ കോൾ മേഖലയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

(ഡി) കേന്ദ്ര നെൽക്കൃഷി വികസന പദ്ധതി ആർ.കെ.വി.വൈ. പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവകളിലൂടെ കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കോൾ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ബണ്ട് നിർമ്മാണം, പെട്ടി, പറ, മോട്ടോർ, പമ്പുസെറ്റ് സ്ഥാപിക്കൽ, മോട്ടോർ ഷെഡ് നിർമ്മാണം എന്നിവയ്ക്കായി 2009-10-ൽ അനുവദിച്ച 245 ലക്ഷം രൂപയുടെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കോൾ കൃഷി

LIBRARY ARCHIVES Kerala Legislative Assembly